(ഡി) പോലീസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 35/2000 നമ്പരായി ഭഗവതിയപ്പന്റെ മകന്റെ ഭാര്യയെ ആക്രമിച്ച സംഭവത്തിൽ രാജേഷ് എന്നൊരാൾക്കെതിരെ ശൂരനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ അതിക്രമം തടയൽ നിയമ ജില്ലാ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിലെ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കാൻ നടപടി

11 (2561) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മരുതി പഞ്ചായത്തിലെ ശ്രീനിവാസപുരം പട്ടികജാതി സങ്കേതത്തിൽ അര നൂറ്റാണ്ടിലേറെക്കാലമായി സ്വന്തം ഭൂമിയിൽ താമസിക്കുന്ന അൻപതോളം കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവർക്ക് പട്ടയം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പട്ടയം നൽകാൻ കാലതാമസം വരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) കാലതാമസം ഒഴിവാക്കി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ശ്രീനിവാസപുരം കോളനിയിലെ നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

ചാമവിള ഹരിജൻകോളനി റോഡ് ടാർ ചെയ്യുന്നതിന് നടപടി

12 (2562) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ.അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയിലെ പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗ സങ്കേതത്തിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 75 ശതമാനത്തിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കോളനിയിലേയ്ക്കുള്ള റോഡ് പ്രസ്തുത പദ്ധതിയിൽപ്പെടുത്തി ടാർ ചെയ്യുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ ബുദ്ധിമുട്ടുണ്ടോ ;

(സി) അംഗീകൃത പട്ടികജാതി-പട്ടികവർഗ്ഗ കോളനിയായ ഉള്ളൂർ ഗ്രാമ പഞ്ചായത്തിലെ 4-ാം വാർഡിലെ ചാമവിള ഹരിജൻ കോളനി റോഡ് എസ്. സി.പി. ഫണ്ട് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് താലൂക്ക് പട്ടികജാതി ആഫീസർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ മേൽ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത റോഡ് എസ്.സി.പി. പദ്ധതിയിൽപ്പെടുത്തി ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതത്തിലേയ്ക്കുള്ള റോഡിന്റെ പ്രയോജനം ലഭിക്കുന്നവരിൽ 51 ശതമാനമെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

(ബി) കോളനിയിലെ താമസക്കാരിൽ 75 ശതമാനവും പട്ടികവിഭാഗത്തിൽപ്പെട്ടവരാണെങ്കിലും അതിന്റെ പ്രയോജനം ലഭിക്കുന്നവരിൽ ഭൂരിഭാഗവും ആ വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്നില്ല. അതിനാൽ ഓരോ പ്രദേശത്തിന്റെയും സാമൂഹ്യ ഭൂപടം അനുസരിച്ചായിരിക്കും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുക.

(സി) ഇല്ല. ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കും.

(ഡി) മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

13 (2563) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) സ്വന്തമായി ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് കോർപ്പറേഷൻ കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട് ;

(സി) ഈ ഇനത്തിൽ ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിന് കോർപ്പറേഷൻ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly